കേരള സർക്കാർ

# അമ്പൂരി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2016-17


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

തിരുവനന്തപുരം

e-mail:lfadtvm@yahoo.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.2/1851/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം

തീയതി : 15.09.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

അമ്പൂരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അമ്പൂരി ഗ്രാമപഞ്ചായത്ത് - 2016-17സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അമ്പൂരി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) -ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികയിലേക്ക് പ്രത്യേകം ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഉ. പത്രം സഹിതം),

2) ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, തിരുവനന്തപുരം,

3) കാര്യാലയ പകർപ്പ്,

4) സ്പെയർ.

നം.കെ.എസ്.എ.റ്റി.വി.എം/ജി.പി.2/1851/2017 തീയതി:15.09.2017

തിരുവനന്തപുരം ജില്ലയിലെ അമ്പൂരി ഗ്രാമപഞ്ചയത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ അമ്പൂരി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 05-11-2016

മുതൽ 18-08-2017തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ11എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.എ.ജമാലുദീൻ,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19-08-2017മുതൽ 24-08-2017വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | 1. ശ്രീമതി.സിന്ധുലാബീവി.എം, ഓഡിറ്റ് ഓഫീസർ |
| | 2. ശ്രീ.അരുൺ.സി.എസ്, സീനിയർ |

| | |
|---|---|
| | ഗ്രേഡ് ഓഡിറ്റർ |
| | 3. ശ്രീ. ശിവനാഥൻ.എ, ഓഡിറ്റർ |
| | 4. ശ്രീ.രാജു. എസ്, ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.ബി.ഷാജി | 01-04-2016മുതൽ 31-03-17വരെ |
| സെക്രട്ടറി | ശ്രീ.കെ.മോഹനകുമാരൻ നായർ<br>2. ശ്രീ.റ്റി.സുദർശനൻ<br>3. ശ്രീ.വി.ഹരികുമാർ | 01-04-2016മുതൽ 31-05-16 വരെ<br>01-06-2016മുതൽ 17-07-16 വരെ<br>18-07-2016മുതൽ 31-03-17വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | ഉദ്യോഗസ്ഥന്റെ പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.നിർമ്മല സിസിലി ജോർജ് | 01-04-2016മുതൽ 31-03-17വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (എ-സർക്കിൾ) | ശ്രീമതി.പുഷ്പകുമാരി | 01-04-2016മുതൽ 31-03-17വരെ |
| ല്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ബി-സർക്കിൾ) | ശ്രീമതി.പുഷ്പകുമാരി(ചാർജ്) | 01-04-2016മുതൽ 31-03-17 വരെ |
| | ശ്രീ.ജയകുമാർ | 05-09-2016മുതൽ 21-11-16വരെ |
| | ശ്രീമതി.പുഷ്പകുമാരി(ചാർജ് | 22-11-2016മുതൽ 11-01-17വരെ |
| | ശ്രീ.സമ്പത്ത് മോഹൻ | 12-01-2017മുതൽ 31-03-17വരെ |
| ഐ.സി.ഡി. എസ്. | ശ്രീമതി.ഉഷാകുമാരി.വി | 01-04-2016മുതൽ |

| | | |
|---|---|---|
| സൂപ്പർവൈസർ | | 25-08-16വരെ |
| | ശ്രീമതി.സന്ധ്യ.എൻ.എസ് | 26-08-2016മുതൽ 31-03-17വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | ഡോ.നിഷ.പി.എൽ | 01-04-2016മുതൽ 04-12-16വരെ |
| | ഡോ.നവജീവൻ | 05-12-16മുതൽ 31-03-17വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ.ബെൻഷാ പി.ബഷീർ | 01-04-2016മുതൽ 09-08-16വരെ |
| | ഡോ.ഷീനാ പീറ്റർ | 10-08-2016മുതൽ 31-03-17വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. വിശ്വകുമാർ | 01-04-2016മുതൽ 31-03-17വരെ |
| ഹെഡ്മാസ്റ്റർ, എൽ.പി.എസ്.കുട്ടമല | ശ്രീമതി. മേരി കുര്യൻ | 01-04-2016മുതൽ 10-07-16വരെ |
| | ശ്രീമതി.ഷീല.ഐ.ജി | 11-07-2016മുതൽ 31-03-17വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.ശ്രീരാഗ്.ആർ.കെ | 01-04-2016മുതൽ 31-03-17വരെ |
| വെറ്ററിനറി സർജൻ | ഡോ.എസ്.സജിത് | 01-04-2016മുതൽ 25-10-16വരെ |
| | ഡോ. എൽ.ഐയ്യങ്കാർ | 26-10-2016മുതൽ 31-03-17വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ. എ.എസ്.ശ്രീകുമാർ | 01-04-2016മുതൽ 31-03-17വരെ |

ഉള്ളടക്കം



| ക്രമ നം. | ഭാഗം - 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |

| | | | |
|---|---|---|---|
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയ<br><br>തിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം - 2 | | |
| 12 | തൊഴിൽനികുതി ഈടാക്കിയിട്ടില്ല | 2-1 | |
| 13 | സ്ഥാപനനികുതി ഈടാക്കിയിട്ടില്ല | 2-2 | |
| 14 | ലേലം - വ്യവസ്ഥകൾ പാലിച്ചില്ല – നഷ്ടം 31000/-രൂപ | 2-3 | |
| 15 | വർക്കേഴ്സ് വെൽഫയർ ഫണ്ടായി പിരിച്ച തുകക്ക് കളക്ഷൻ<br><br>ചാർജ് ഈടാക്കിയില്ല | 2-4 | |
| 16 | പ്ലാസ്റ്റിക് നിരോധന സാക്ഷ്യപത്രം ലൈസൻസിനായുള്ള അപേക്ഷയിൽ ഉൾപ്പെടുത്തുന്നില്ല | 2-5 | |
| 17 | വസ്തുനികുതി കുടിശ്ശിക 2993765/- രൂപ | 2-6 | |
| | ഭാഗം - 3 | | |
| 18 | ഗുണഭോക്തൃസമിതി മുഖേനയുള്ള പൊതുമരാമത്ത് പ്രവൃത്തികൾ -<br><br>പദ്ധതി മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ മുഴുവൻ പാലിച്ചിട്ടില്ല. | 3-1 | |
| 19 | നിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിൽ | 3-2 | |

| | | | |
|---|---|---|---|
| | മാർഗ്ഗരേഖാ നിർദ്ദേശം പാലിക്കുന്നില്ല | | |
| 20 | പൊതുമരാമത്ത് പ്രവൃത്തികൾ - അംഗീകാരം ലഭിച്ച 108 പദ്ധതിക<br>ളിൽ 58പദ്ധതികൾ നടപ്പിലാക്കിയില്ല | 3-3 | |
| 21 | ഗുണഭോക്തൃസമിതി നിർവ്വഹണം നടത്തിയ പ്രവൃത്തികൾ -<br>ചെലവുരേഖകൾ ലഭ്യമല്ല – 2339406/-രൂപ തടസ്സപ്പെടുത്തുന്നു. | 3-4 | |
| 22 | നിർഭയ - ജാഗ്രതാ സമിതി പ്രവർത്തന അവലോകനം | 3-5 | |
| 23 | പോഷകാഹാര പദ്ധതിക്കായി ലഭിക്കുന്ന കേന്ദ്രവിഹിതം പ്രത്യേക അക്കൗണ്ടിൽ സൂക്ഷിക്കുന്നില്ല | 3-6 | |
| 24 | പത്രപ്പരസ്യം അർഹമായ ഡിസ്കൗണ്ട് നേടിയെടുക്കുന്നില്ല | 3-7 | |
| 25 | ധനവിനിയോഗ സാക്ഷ്യപത്രം/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല- 1808000 /-രൂപ തടസ്സം | 3-8 | |
| 26 | വികലാംഗ പെൻഷൻ - റിപ്പോർട്ട് ലഭ്യമാക്കി പെൻഷൻ അനുവദിക്കുന്നതിൽ കാലതാമസം | 3-9 | |
| 27 | ചെലവഴിച്ച തുകക്കുള്ള മരുന്നുകൾ ലഭ്യമായിട്ടില്ല | 3-10 | |
| 28 | യാത്രാബത്ത - ത്രൈമാസ പരിധി അധികരിച്ചു - 1133/-<br>നിരാകരിക്കുന്നു | 3-11 | |
| 29 | ചെലവ് രേഖകൾ ഹാജരാക്കിയില്ല - 8000/-രൂപ<br>തടസ്സപ്പെടുത്തുന്നു | 3-12 | |
| 30 | പാലിയേറ്റീവ് കെയർ പഞ്ചായത്ത് വിഹിതം ഒടുക്കൽ –<br>കൈപ്പറ്റു രസീത് ഹാജരാക്കിയില്ല | 3-13 | |
| 31 | ഉയർന്ന സ്പെസിഫിക്കേഷനുകൾ ഉള്ള പ്രിന്റർ | 3-14 | |

| | | | |
|---|---|---|---|
| | വാങ്ങി –<br>standards of financial propriety യുടെ ലംഘനം- അധിക ചെലവ് | | |
| 32 | അധിക നിരക്കിൽ ഗുണഭോക്തൃ വിഹിതം ഈടാക്കി | 3-15 | |
| 33 | സമഗ്ര ജൈവ പച്ചക്കറി - രേഖകൾ ഹാജരാക്കിയില്ല | 3-16 | |
| 34 | വെറ്റില കൃഷി - രേഖകൾ ഹാജരാക്കിയില്ല | 3-17 | |
| 35 | വിതരണ രേഖകൾ ഹാജരാക്കിയില്ല – 200000/- രൂപ<br>തടസ്സപ്പെടുത്തുന്നു | 3-18 | |
| 36 | ഭക്ഷണ സാധനങ്ങൾ വാങ്ങി നൽകൽ - സ്റ്റോക്ക് രജിസ്റ്ററിൽ പൊരുത്തക്കേടുകൾ | 3-19 | |
| 37 | അംഗനവാടി -അവലോകനം | 3-20 | |
| | ഭാഗം - 4 | | |
| 38 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 39 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 40 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 41 | വായ്പ/വായ്പ തിരിച്ചടവ് | 4-4 | |
| 42 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 43 | ഓഡിറ്റ് റിക്കവറി | 4-6 | |
| 44 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 45 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 46 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ബജറ്റ് 21-03-2016ലെ നമ്പർ 1 തീരുമാനപ്രകാരം അംഗീകരിച്ചു.ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് ചെലവ്, നീക്കിയിരിപ്പ് റസീപ്റ്റ് ആന്റ് പേമെന്റ് പ്രകാരമുള്ള യഥാർഥ വരവ് ചെലവ് നീക്കിയിരിപ്പ് എന്നിവ സംബന്ധിച്ച വിവരങ്ങളാണ് ചുവടെ കൊടുത്തിരിക്കുന്നത്.

| | മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബഡ്ജറ്റ് പ്രകാരം | 3478878 | 114672000 | 111647400 | 6503478 |
| റസീപ്റ്റ് ആന്റ് പേമെന്റ് പ്രകാരം | 6448138 | 45015725 | 44254004 | 7209859 |

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/07/2017 | 31-07-2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| അനുബന്ധമായി (ഓഡിറ്റ് സർട്ടിഫിക്കറ്റിൽ) ചേർത്തിട്ടുണ്ട് | | |

(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് - എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ് എന്നിവയുടെ പകർപ്പ് ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട്)

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 6448138 |

| | |
|---|---|
| വരവ് | 45015725 |
| ആകെ | 51463863 |
| ചെലവ് | 44254004 |
| നീക്കിയിരിപ്പ് | 7209859 |

## 1-5(à´) വാർഷിക ധനകാര്യ പത്രികാ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1. ട്രഷറി റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.
2. വസ്തുനികുതി കുടിശ്ശിക സഞ്ചയ സോഫ്റ്റ് വെയറുമായി പൊരുത്തപ്പെടുന്നില്ല.
3. ബി.ഫണ്ടിലെ വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായത്തിൽ 2016-17സാമ്പത്തികവർഷം 230000രൂപ ചെലവ് ചെയ്തിട്ടുണ്ട്. എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ ചെലവ് 200000രൂപയായിട്ടാണ് കാണിച്ചിരിക്കുന്നത്.
4. ഐ.സി.ഡി.എസ് ന് കേന്ദ്രവിഹിതമായി കിട്ടിയ തുക പ്രത്യേക അക്കൗണ്ടിൽ സൂക്ഷിക്കാതെ തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.
5. അസറ്റ് രജിസ്റ്റർ കാലികമല്ല.

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 1125891 | 10900619 | 12026510 | 12026510 | 0 | 100 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 1857000 | 1857000 | 1857000 | 0 | 100 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 3158263 | 3158263 | 3158263 | 0 | |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 4455443 | 4455443 | 4455443 | 0 | 100 |
| സംര. ഗ്രാന്റ് | 0 | 2767004 | 2767004 | 2767004 | 0 | 100 |

| | | | | | | |
|---|---|---|---|---|---|---|
| (നോൺറോഡ്) | | | | | | |
| 13-ാംധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 3741884 | 3741884 | 3741884 | 0 | 100 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 1201766 | 1201766 | 1201766 | 0 | 100 |
| എം.എൻ.ആർ. ഇ. ജി.എസ്. | 3846 | 1778238 | 1782084 | 1776375 | 5709 | |
| ബി ഫണ്ട് | 0 | 703160 | 703160 | 703160 | 0 | 100 |
| തനത് ഫണ്ട്/ മറ്റ് വരവുകൾ ഫെഡറൽ/ എസ്.സി.ബി. | 2504547 | 8699704 | 11204251 | 6700112 | 4504139 | |
| ജനറൽ പർപ്പസ് ഫണ്ട് | 2813854 | 5752644 | 8566498 | 5866487 | 2700011 | |
| ആകെ | 6448138 | 45015725 | 51463863 | 44254004 | 7209859 | |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകളുടേയും നടപ്പാക്കിയ പ്രോജക്ടുകളുടേയും വിവരം ചുവടെ കൊടുത്തിരിക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 193 | 56259426 | 97 | 30226702 | 13 | 83 | 53.72 |

പഞ്ചായത്ത് സമിതിയുടെ അനുമതിയോടെ 193 പദ്ധതികൾക്ക് അംഗീകാരം വാങ്ങിയെങ്കിലും ആകെ 97പദ്ധതികൾ മാത്രമാണ് സ്പിൽ ഓവർ ഉൾപ്പെടെ നടപ്പിലാക്കിയി ട്ടുള്ളത്. അംഗീകാരം ലഭിക്കുന്ന മുഴുവൻ പദ്ധതികളും നടപ്പിലാക്കി പദ്ധതി ലക്ഷ്യം കൈവരിക്കുവാൻ ഭാവിയിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| *നികുതി വരവുകൾ* | | | | |
| തൊഴിൽ നികുതി | 673350 | 776420 | 103070 | |
| കെട്ടിടനികുതി | 863356 | 1776732 | 913376 | |
| *നികുതിയേതര വരവുകൾ* | | | | |
| ലേലം | 35001 | 54000 | +18999 | |
| ഷോപ്പിംഗ് കോംപ്ളക്സ് വാടക | 60000 | 60684 | +684 | |
| ഡി & ഒ ലൈസൻസ് | 27050 | 47765 | +20715 | |
| മറ്റുവരവുകൾ | 141976 | 5984103 | +5842127 | |
| ആകെ | 1800733 | 8699704 | +6898971 | |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 473160 | 253 |
| കർഷകതൊഴിലാളി പെൻഷൻ | 2196320 | 258 |
| വിധവാപെൻഷൻ | 10094010 | 917 |
| വാർദ്ധക്യകാലപെൻഷൻ | 18520135 | 1578 |
| വികലാംഗപെൻഷൻ | 3125115 | 297 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 230000 | 7 |
| 50 വയസിനുമേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 142080 | 13 |

| | | |
|---|---|---|
| ആകെ | 34780820 | 3323 |

2016-17 വർഷം വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായമായി 230000/- രൂപ ചെലവ് ചെയ്തിട്ടുണ്ട്. എന്നാൽ തൻവർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ 200000/- രൂപയാണ് ചെലവ് ചെയ്തതായി കാണിച്ചിട്ടുള്ളത്. പ്രസ്തുത ചെലവ് വാർഷിക ധനകാര്യ പത്രികയിലെ ചെലവുമായി പൊരുത്തപ്പെടുന്നില്ല. 30000/-രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു. അവസാന അലോട്ട്മെന്റ് തുകയായി ലഭിച്ച 30000/-രൂപ വരവ് ഹെഡിൽ രേഖപ്പെടുത്തി ചെലവ് ചെയ്യാതെ ചെലവ് ഹെഡിൽ എന്റർ ചെയ്തതിനാലാണ് ഈ അപാകതയുണ്ടാകാൻ കാരണമെന്ന് ഓഡിറ്റിനെ ബോധ്യപ്പെടുത്തിയിട്ടുണ്ട്.

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19-08-2017ന് രാവിലെ 11 AM ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2538/-രൂപയുടെ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം.

തനതുവരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസും തൊഴിൽ നികുതിയും, സ്ഥാപന നികുതിയും നിർണയിച്ച് ഈടാക്കേണ്ടതാണ്. ഓഡിറ്റോറിയങ്ങൾ, ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ തുടങ്ങി പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ സംബന്ധിച്ച രജിസ്റ്റർ കാലികമായി തയ്യാറാക്കി ലൈസൻസില്ലാതെ പ്രവർത്തിക്കുന്നവക്ക് ലൈസൻസ് നൽകുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. തൊഴിൽ നികുതിയീടാക്കുമ്പോൾ ആകെ അർദ്ധവാർഷിക വരുമാനത്തിൽ എല്ലാ വരുമാനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തി തൊഴിൽ നികുതിയീടാക്കി നികുതിയിനത്തിലെ വരുമാന നഷ്ടം ഒഴിവാക്കേണ്ടതാണ്. മൊബൈൽ ടവ്വറുകളുടെ കാര്യത്തിൽ ഭരണസമിതി ഉചിതമായ നടപടികൾ സ്വീകരിച്ച് നികുതി നഷ്ടം പരിഹരിക്കേണ്ടതാണ്.പഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ചിട്ടുള്ള മുഴുവൻ മൊബൈൽ ടവറുകളിൽ നിന്നും ചതുരശ്രമീറ്ററിന് 400രൂപാ നിരക്കിൽ വസ്തുനികുതി ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം അവക്കെതിരെ നിയമപരമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. പഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ചിട്ടുള്ള പരസ്യ ബോർഡുകളിൽ നിന്ന് പരസ്യനികുതിയീടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

സാമൂഹ്യക്ഷേമ പെൻഷനുകൾ അനുവദിക്കുമ്പോൾ സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പെൻഷൻ അപേക്ഷകളിൽ തീർപ്പ് കല്പിക്കുമ്പോൾ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുവാൻ അധികൃതർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. വസ്തുനികുതിയിനത്തിൽ കുടിശ്ശികയായി നിൽക്കുന്ന മുഴുവൻ തുകയും പിരിച്ചെടുക്കുവാൻ

റവന്യൂ റിക്കവറി നടപടികൾ ആരംഭിക്കേണ്ടതാണ്. അംഗീകാരം ലഭിക്കുന്ന മുഴുവൻ പദ്ധതികളും നടപ്പിലാക്കി പദ്ധതി ലക്ഷ്യം കൈവരിക്കേണ്ടതാണ്. അംഗനവാടികളുടെ ഭൗതിക സാഹചര്യം വിലയിരുത്തി ന്യൂനതകൾ പരിഹരിക്കേണ്ടതാണ്. തൊഴിലുറപ്പ് പദ്ധതിയിൽ ആസ്തികൾ സൃഷ്ടിക്കുന്ന പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകേണ്ടതാണ്. പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ ജനക്ഷേമത്തിന്/സാമൂഹ്യനന്മയ്ക്ക് പ്രാധാന്യം നൽകി നടപ്പിലാക്കേണ്ടതാണ്. പൊതുമരാമത്ത് പ്രവൃത്തികളിൽ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുന്ന വർക്ക് ലഭ്യമാക്കാൻ പറ്റുന്ന തൊഴിലവസരങ്ങൾ ഉണ്ടെങ്കിൽ ആയത് അത്തരക്കാർക്ക് ഉറപ്പ് വരുത്തേണ്ടതാണ്.

ലേല വ്യവസ്ഥകൾ കർശനമായി പാലിക്കുവാൻ അധികൃതർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. നിലവിലെ ചട്ടങ്ങളും മാനദണ്ഡങ്ങളുമനുസരിച്ചായിരിക്കണം ലേല നടപടികൾ സ്വീകരിക്കേണ്ടത്. ലേലം കൊള്ളുന്നവരിൽ നിന്ന് നിർബന്ധമായും സോൾവൻസി വാങ്ങി സൂക്ഷിക്കേണ്ടതാണ്. കാലാവധിക്കുമുമ്പ് ലേലക്കാരിൽ നിന്ന് മുഴുവൻ തുകയും ഈടാക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 29-07-2017 | ജൂൺ 2017 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 07-03-2014 മുതൽ 20-03-2014 വരെ | 2008-09മുതൽ 2012-13വരെ | ലഭിച്ചു |

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് സെക്ഷൻ 204 (1) പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിൽ ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ ഒരാളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാം. എന്നാൽ 2016-17 വർഷത്തിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ വിവരിക്കുന്ന സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരുടെ പക്കൽ നിന്നും തൊഴിൽ നികുതി

ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | വനിതാ സഹകരണ സംഘം, കുടപ്പനമൂട് | I & II |
| 2 | ട്രാവൻകൂർ ഗ്രാനൈറ്റ്സ് | I & II |
| 3 | M.P.S.C തട്ടാമൂക്ക് മായം | I & II |
| 4 | M.P.S.C തേക്കുപാറ മരപ്പാലം | I & II |

ആയതിനെ സംബന്ധിച്ച് നൽകിയ അന്വേഷണ കുറിപ്പ് നം.3-ന് തൊഴിൽ നികുതി ഈടാക്കാൻ നടപടി സ്വീകരിച്ചതായി അറിയിച്ചു. മേൽ വിവരിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി കേരള പഞ്ചായത്ത് രാജ് ആക്ട് 205(സി) പ്രകാരം ഡിമാന്റ് ചെയ്യേണ്ടതാണ്. തൊഴിൽ ദാതാവ് ജീവനക്കാരുടെ ലിസ്റ്റ് തയ്യാറാക്കി തൊഴിൽ നികുതി ചുമത്തി പഞ്ചായത്തിൽ ഒടുക്കുന്നില്ലായെങ്കിൽ 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ 24 കുറ്റങ്ങളും പിഴകളും (1) പ്രകാരം പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

## 2-2 സ്ഥാപന നികുതി ഈടാക്കിയിട്ടില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ഓരോ അർദ്ധ വർഷവും സ്ഥാപന നികുതി ഈടാക്കുന്നതിന് പഞ്ചായത്തിന് അധികാരമുണ്ട്. എന്നാൽ 2016-17 സാമ്പത്തിക വർഷത്തിൽ താഴെ വിവരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും പഞ്ചായത്ത് സ്ഥാപന നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധ വർഷം | തുക |
|---|---|---|---|
| 1 | പോപ്പുലർ ഫൈനാൻസ് | II | 1250 |
| 2 | വനിതാ സഹകരണ സംഘം, കുടപ്പനമൂട് | I & II | 2500 |
| 3 | BSNL അമ്പൂരി | I & II | 2500 |
| 4 | M.P.S.C അമ്പൂരി | I & II | 2500 |
| 5 | M.P.S.C അമ്പൂരി | I & II | 2500 |
| 6 | M.P.S.C തട്ടാംമുക്ക്, മായം | I & II | 2500 |
| ആകെ | | | 13750 |

മേൽ വിവരിച്ച സ്ഥാപനങ്ങളിൽ നിന്നും നിയമാനുസൃതം സ്ഥാപന നികുതി ഈടാക്കി

ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

## 2-3 ലേല വ്യവസ്ഥകൾ പാലിച്ചിട്ടില്ല – നഷ്ടം 31000/-രൂപ

2016-17 വർഷത്തിൽ അമ്പൂരി ഗ്രാമ പഞ്ചായത്തിലെ അമ്പൂരി പബ്ലിക് മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവ് 52000/-രൂപയ്ക്കും വാഴിച്ചൽ പബ്ലിക് മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവ് 20000/-രൂപയ്ക്കും ശ്രീ റോയ്, ആശാ ഭവൻ, കണ്ണന്നൂർ, കുടപ്പനമൂട്.പി.ഒ. എന്നയാൾ ലേലം കൊണ്ടതു സ്ഥിരപ്പെടുത്തി കൊടുത്തു. ലേല ഫയലുകൾ പരിശോധിച്ചതിൽ താഴെ വിവരിക്കുന്ന അപാകതകൾ കണ്ടെത്തി.

- ലേല വ്യവസ്ഥകൾ ചമയ്ക്കുന്നതിനായി ഹാജരാക്കിയ മുദ്രപത്രങ്ങൾ കരാർ വ്യവസ്ഥകൾ ചേർക്കാതെ സൂക്ഷിച്ചിരിക്കുന്നു.
- ലേല വ്യവസ്ഥ പ്രകാരം അടയ്ക്കേണ്ട തുകയുടെ രണ്ട് ഇരട്ടി മൂല്യമുള്ള സോൾവൻസി സർട്ടിഫിക്കറ്റ് വാങ്ങി സൂക്ഷിച്ചിട്ടില്ല.

അമ്പൂരി പബ്ലിക് മാർക്കറ്റ് ഗേറ്റ് ഫീസായ 52000/-രൂപയിൽ 28500/-രൂപയും വാഴിച്ചൽ പബ്ലിക് മാർക്കറ്റ് ഗേറ്റ് ഫീസായ20000/-രൂപയിൽ 12500/-രൂപയും പഞ്ചായത്തിൽ നേരിട്ട് അടച്ചു. ബാക്കിയുള്ള 23500/-രൂപയ്ക്കും 7500/-രൂപയ്ക്കും ലേലക്കാരൻ 31.03.2017-ൽ 0022, 0023 എന്നീ നമ്പരുകൾ ഉള്ള രണ്ട് ചെക്കുകൾ പഞ്ചായത്തിന് നൽകി. എന്നാൽ ടി ചെക്കുകൾ അക്കൗണ്ടിൽ രൂപ ഇല്ലാത്തതിനാൽ മടങ്ങി വന്നു. ഇപ്രകാരം പഞ്ചായത്തിന് ലഭിക്കാനുള്ള 31000/-രൂപ ഈടാക്കാൻ തുടർനടപടി സ്വീകരിക്കുവാൻ കഴിയാത്ത അവസ്ഥയാണ് നിലനിൽക്കുന്നത്. സോൾവൻസി സർട്ടിഫിക്കറ്റ് ഇല്ലാതെ ലേലം സ്ഥിരപ്പെടുത്തി നൽകിയത് പഞ്ചായത്തിന്റെ വീഴ്ചയായി ഓഡിറ്റ് നിരീക്ഷിക്കുന്നു. ആയതിനെ സംബന്ധിച്ച് നൽകിയ അന്വേഷണക്കുറിപ്പ് 9-ന് ലഭ്യമാക്കിയ മറുപടി പഞ്ചായത്തിന്റെ വീഴ്ച സാധൂകരിക്കുന്നതാണ്. ടി 31000/-രൂപ ലേലക്കാരനിൽ നിന്നും റവന്യൂ റിക്കവറി പ്രകാരം അടിയന്തിരമായി പിരിക്കേണ്ടതും അല്ലാത്ത പക്ഷം ടി തുകയ്ക്ക് 1994-ലെ കേരള പഞ്ചായത്ത് ആക്ട് വകുപ്പ് 243 (3), 1997-ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങൾ 12 (4), 22 പ്രകാരം പഞ്ചായത്ത് മേൽനോട്ടത്തിൽ വീഴ്ച വരുത്തിയ സെക്രട്ടറിയും സമയത്ത് നടപടി സ്വീകരിക്കാത്ത ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്കും തുല്യ ഉത്തരവാദികളായിരിക്കുന്നതാണ്.

## 2-4 വർക്കേഴ്സ് വെൽഫയർ ഫണ്ടായി പിരിച്ച തുകക്ക് കളക്ഷൻ ചാർജ് ഈടാക്കിയില്ല

1996-ലെ കേരള ബിൽഡിംഗ് ആന്റ് അതർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ നിയമത്തിലെ വകുപ്പ് 3(3) പ്രകാരം കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ ഒരു ശതമാനം പിരിച്ചെടുക്കുന്ന അതോറിറ്റിയുടെ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് 2016-17സാമ്പത്തിക വർഷം നടത്തിയ വിവിധ മരാമത്ത് പ്രവൃത്തികളിൽ നിന്ന് വെൽഫയർ ഫണ്ടിനത്തിൽ ഈടാക്കി ഒടുക്ക് വരുത്തിയ 119924/-രൂപക്ക് കളക്ഷൻ ചാർജ് ഇനത്തിൽ 1 % ഈടാക്കാത്തത് കാരണം

ഗ്രാമപഞ്ചായത്തിന് തനതു ഫണ്ട് ഇനത്തിൽ 1199/-രൂപയുടെ നഷ്ടമുണ്ടായി. ഭാവിയിൽ ഇത്തരത്തിൽ നഷ്ടമുണ്ടാകുന്നത് ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-5 പ്ലാസ്റ്റിക് നിരോധന സാക്ഷ്യപത്രം ലൈസൻസിനായുള്ള അപേക്ഷയിൽ ഉൾപ്പെടുത്തുന്നില്ല

ജി.ഒ (ആർ.ടി.) 795/2007/ത.സ്വ.ഭ.വ, തിയതി. 16-03-2007 ലെ സർക്കാർ ഉത്തരവ് പ്രകാരം ഡി.ആന്റ്.ഒ. ലൈസൻസിനായി അപേക്ഷിക്കുമ്പോൾ അപേക്ഷകൻ അപേക്ഷയോടൊപ്പം പ്ലാസ്റ്റിക് നിരോധന സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. പ്രസ്തുത ഉത്തരവനുസരിച്ച് 30 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകൾ നിരോധിച്ചുകൊണ്ടുള്ള മലിനീകരണ നിയന്ത്രണ ബോർഡ് വിജ്ഞാപനം പാലിക്കുന്നുവെന്നുള്ള സാക്ഷ്യപത്രം അപേക്ഷകൻ നൽകണമെന്നിരിക്കെ ആയത് ഹാജരാക്കാതെയുള്ള കച്ചവട സ്ഥാപനങ്ങൾക്ക് ഗ്രാമപഞ്ചായത്ത് ലൈസൻസ് നൽകിയിരിക്കുന്നു. ഭാവിയിൽ ഇത്തരം അപാകതകളുണ്ടാകാതിരിക്കാൻ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. ഇതേ വിഷയം മുൻ ഓഡിറ്റ് റിപ്പോർട്ടിലും പരാമർശിച്ചിട്ടുണ്ട്. തുടർ നടപടി സ്വീകരിച്ചിട്ടില്ല.

## 2-6 വസ്തുനികുതി കുടിശ്ശിക 2993765 /- രൂപ

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 203 പ്രകാരം ഗ്രാമപഞ്ചായത്ത് കെട്ടിടങ്ങൾക്ക് നിർണയിക്കുന്ന വസ്തുനികുതി തുടർന്നുള്ള വർഷങ്ങളിൽ കുടിശ്ശികയില്ലാതെ പിരിച്ചെടുക്കുന്നില്ല. ഗ്രാമപഞ്ചായത്ത് ഓഡിറ്റിന് ലഭ്യമാക്കിയ വാർഷിക ധനകാര്യ പത്രികയനുസരിച്ച് 2016-17സാമ്പത്തിക വർഷം അരിയറും കറന്റും ഉൾപ്പെടെ ആകെ 2993765/- രൂപ വസ്തുനികുതിയിനത്തിൽ ഗ്രാമപഞ്ചായത്തിന് പിരിഞ്ഞ് കിട്ടാനുണ്ട്. ഫലപ്രദമായ നടപടികൾ സ്വീകരിച്ച് പഞ്ചായത്തിന്റെ തനതു വരുമാനമായ വസ്തുനികുതി പിരിച്ചെടുക്കേണ്ടതാണ്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 243പ്രകാരം കുടിശ്ശിക തുക പിരിച്ചെടുക്കാതിരുന്നാൽ ഗ്രാമപഞ്ചായത്തിന് പ്രസ്തുത തുക നഷ്ടപ്പെടുന്നതാണ്. ആയതിനാൽ വസ്തുനികുതിയുടെ അരിയറും കറന്റും ഉൾപ്പെടെയുള്ള വർഷം തിരിച്ചുള്ള കുടിശ്ശിക നിർണയിച്ച് റവന്യൂ റിക്കവറി നടപടികളിലൂടെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഗുണഭോക്തൃസമിതി മുഖേനയുള്ള പൊതുമരാമത്ത് പ്രവൃത്തികൾ - പദ്ധതി മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ മുഴുവൻ പാലിച്ചിട്ടില്ല.

ഗുണഭോക്തൃ സമിതികൾ മുഖേന നിർവ്വഹിച്ചിട്ടുള്ള പൊതുമരാമത്ത് ജോലികൾക്ക് 13-11-2014ലെ 1/1559/2010/സി.ഇ/ത.സ്വ.ഭ.വ. നമ്പർ സർക്കുലർ പ്രകാരമുള്ള സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായി പാലിച്ചിട്ടില്ല. ഏതാനം ചില വിവരങ്ങളാണ് ചുവടെ കൊടുത്തിരിക്കുന്നത്.

1. പ്രവൃത്തി സംബന്ധിച്ച വിശദാംശങ്ങൾ മിനുട്ട്സ് ബുക്കിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. സമിതി യോഗം ചേർന്ന് അംഗങ്ങളേയും കൺവീനർ ചെയർമാൻ എന്നിവരേയും തെരെഞ്ഞെടുത്ത് ചുമതല ഏല്പിക്കുന്നതുവരെയുള്ള വിവരങ്ങൾ മാത്രമാണ് മിനുട്ട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത്.
2. വർക്കുമായി ബന്ധപ്പെട്ട പണമിടപാടുകൾക്കായി കൺവീനർ ചെയർമാൻ എന്നിവരുടെ പേരിൽ സംയുക്ത ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടില്ല.
3. വരവ് ചെലവ് കണക്ക് പുസ്തകം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.
4. പ്രവൃത്തി നിർവ്വഹണത്തിൽ ഓരോ ദിവസവും നടക്കുന്ന പ്രധാനപ്പെട്ട കാര്യങ്ങൾ രേഖപ്പെടുത്തുന്നതിന് കൺവീനർ സൂക്ഷിക്കേണ്ട ദൈനംദിന ഡയറിബുക്ക് സൂക്ഷിച്ചിട്ടില്ല.
5. പണി പൂർത്തിയാകുന്നതുവരെ സമിതി ആഴ്ചയിലൊരിക്കൽ യോഗം ചേർന്ന് വൗച്ചറുകൾ പാസ്സാക്കുകയും പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തുകയും ഭാവി നടപടികൾ ചർച്ചചെയ്ത് തീരുമാനിക്കുകയും ചെയ്തിട്ടില്ല.
6. മസ്റ്റർ റോളുകളിൽ പ്രവൃത്തികളുടേയും തൊഴിലാളികളുടേയും വിവരങ്ങൾ, പ്രവൃത്തിയുടെ പേര്, വാർഡ് നമ്പർ, പ്രവൃത്തി നടന്ന തിയതി, വേതനം തുടങ്ങിയവ കൃത്യമായി രേഖപ്പെടുത്തണമെന്നും, ഒരാഴ്ചത്തേക്ക് ഒന്ന് എന്ന കണക്കിൽ മസ്റ്റർ റോൾ സൂക്ഷിക്കണമെന്നും വ്യവസ്ഥയുണ്ട്. ആയത് പൂർണമായും പാലിച്ചിട്ടില്ല.

ഭാവിയിൽ ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തുന്ന പൊതുമരാമത്ത് പ്രവൃത്തികളിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളും വ്യവസ്ഥകളും പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 3-2 നിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിൽ മാർഗ്ഗരേഖാ നിർദ്ദേശം പാലിക്കുന്നില്ല

*(എ) എസ്.സി.പി - നിരീക്ഷണ കമ്മിറ്റി രൂപീകരിച്ചിട്ടില്ല*

2016-17വാർഷിക പദ്ധതി മാർഗ്ഗരേഖ സ.ഉ(എം.എസ്) 4/16/ത.സ്വ.ഭ.വ, തിയതി. 11-01-2016/12-1(XVI) പ്രകാരം എസ്.സി.പി. പദ്ധതികളുടെ നിർവ്വഹണവും വിനിയോഗവും കാര്യക്ഷമമാക്കുന്നതിന് നിരീക്ഷണക്കമ്മിറ്റി രൂപീകരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എസ്.സി.വിഭാഗക്കാരായ ജനപ്രതിനിധികൾ മാത്രമാണ് ഈ കമ്മിറ്റിയിലെ അംഗങ്ങൾ. മാസംതോറും യോഗം ചേർന്ന് പദ്ധതിയുടെ നിർവ്വഹണം, ഫണ്ട് വിനിയോഗം എന്നിവ വിലയിരുത്തുകയും പ്രസ്തുത യോഗത്തിന്റെ മിനുട്ട്സ് തദ്ദേശ ഭരണ സ്ഥാപനത്തിന്റെ

യോഗത്തിൽ ചർച്ച ചെയ്ത് തുടർ നടപടി സ്വീകരിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത നിർദ്ദേശം പാലിച്ചിട്ടില്ല.

*(ബി) റോഡ് കണക്റ്റിവിറ്റി മേപ്പ് തയ്യാറാക്കിയിട്ടില്ല*

2016-17വാർഷിക പദ്ധതി മാർഗ്ഗരേഖ സ.ഉ(എം.എസ്)/14/ത.സ്വ.ഭ.വ, 11-01-2016/ 11S(1)&11.5(111) പ്രകാരം ഓരോ തദ്ദേശ ഭരണ സ്ഥാപനങ്ങളും റോഡ് കണക്റ്റിവിറ്റി മേപ്പും പ്ലാനും നിർബന്ധമായും തയ്യാറാക്കുകയും റോഡ് നിർമ്മാണ പ്രോജക്റ്റിനോടൊപ്പം റോഡ് കണക്റ്റിവിറ്റി മേപ്പിൽ പ്രോജക്റ്റിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. സർക്കാരിന്റെ പ്രസ്തുത നിർദ്ദേശം പാലിക്കുവാൻ ഭരണസമിതിയും നിർവ്വഹണോദ്യോഗസ്ഥരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-3 പൊതുമരാമത്ത് പ്രവൃത്തികൾ - അംഗീകാരം ലഭിച്ച 108 പദ്ധതികളിൽ 58 പദ്ധതികൾ നടപ്പിലാക്കിയില്ല

2016-17സാമ്പത്തിക വർഷം പൊതുമരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട് സ്പിൽ-ഓവർ ഉൾപ്പെടെ 108പദ്ധതികൾക്കാണ് ഭരണസമിതി തീരുമാനപ്രകാരം ജില്ലാ പ്ലാനിംഗ് ബോർഡിന്റെ അംഗീകാരം ലഭിച്ചത്. എന്നാൽ ആകെ 50പദ്ധതികൾ മാത്രമാണ് പ്രസ്തുത സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയത്. പശ്ചാത്തല മേഖലകളുമായി/ ആസ്തി സൃഷ്ടിക്കലുമായി ബന്ധപ്പെട്ട ഇത്തരം പദ്ധതികൾ ആസൂത്രണം ചെയ്ത് അംഗീകാരം വാങ്ങിയശേഷം നടപ്പിലാക്കാതിരിക്കുന്നത് ന്യായീകരിക്കാവുന്നതല്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള 22-08-2017ലെ 06/17നമ്പർ ഓഡിറ്റ് എൻക്വയറിക്ക് തുടങ്ങിയ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാകാത്തത് ഒരു കാരണമായി അധികൃതർ മറുപടിലഭ്യമാക്കിയിട്ടുണ്ട്. ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ ഭാവിയിൽ പഞ്ചായത്തിന്റെ വികസനത്തിന് ഭംഗം വരാത്തവിധത്തിലുള്ള ഒരു വികസനനയം രൂപീകരിക്കുവാനും അതിലൂടെ മെച്ചപ്പെട്ടതും ആസ്തി സൃഷ്ടിക്കുന്നതും പൊതുജനോപകാര പ്രദവുമായ പദ്ധതികൾ ആസൂത്രണം ചെയ്ത് സമയബന്ധിതമായി നടപ്പിലാക്കി പദ്ധതി ലക്ഷ്യം കൈവരിക്കുവാനും ഭരണതലത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-4 ഗുണഭോക്തൃസമിതി നിർവ്വഹണം നടത്തിയ പ്രവൃത്തികൾ -ചെലവുരേഖകൾ ലഭ്യമല്ല – 2339406/-രൂപ തടസ്സപ്പെടുത്തുന്നു.

ഗുണഭോക്തൃസമിതി മുഖാന്തിരം നടത്തുന്ന പ്രവൃത്തികൾക്ക് എഞ്ചിനീയർ രേഖപ്പെടുത്തുന്ന അളവുകളനുസരിച്ച് കരാർ ഉടമ്പടിയിലെ നിരക്കുകൾ പ്രകാരമുള്ള ബിൽ തുകയോ, ഗുണഭോക്തൃസമിതി യഥാർത്ഥത്തിൽ ചെലവാക്കിയ തുകയോ ഏതാണ് കുറവ് അതാണ് ഗുണഭോക്തൃസമിതി കൺവീനർക്ക് നൽകേണ്ടത്. പ്രവൃത്തി പൂർത്തിയാക്കിയാലുടനെ വരവ് ചെലവ് കണക്ക് പുസ്തകം, വൗച്ചറുകൾ, മസ്റ്റർറോളുകൾ, മിനിട്സ് ബുക്ക് എന്നിവ കൺവീനർ പഞ്ചായത്തിൽ ഹാജരാക്കേണ്ടതും അവ നിർവ്വഹണ ഉദ്യോഗസ്ഥൻ പരിശോധിച്ചശേഷം

മാത്രം ഫൈനൽ ബിൽ തുക അനുവദിക്കേണ്ടതുമാണ്. എന്നാൽ ചുവടെ ചേർത്തിരിക്കുന്ന പ്രോജക്റ്റുകളുടെ ചെലവുരേഖകൾ ബന്ധപ്പെട്ട ഫയലുകളിൽ ലഭ്യമല്ല.

| ക്രമ നം. | പ്രോജക്ടിന്റെ പേരും നമ്പരും | എസ്റ്റിമേറ്റ് തുക | ചെലവഴിച്ച/ കൺവീനർ കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | പന്ത ഗ്രന്ഥശാല റോഡ് ഫുട്പാത്ത് സൈഡ് വാൾ, പ്രോജ.നം-46/17, എം.ബുക്ക് നം- 04/16-17 | 355000 | 328698 |
| 2 | പന്ത ഗ്രന്ഥശാല കോൺക്രീറ്റ്, പ്രോജ.നം-132/17, എം.ബുക്ക്നം-25/16-17 | 50000 | 45254 |
| 3 | കാഞ്ഞിരംമൂട് കോങ്കോട്ടുപാറ ഓടയും സ്ലാബ് നിർമ്മാണവും, പ്രോജ.നം-99/16-17, എം.ബുക്ക്നം- 38/16-17 | 440000 | 424328 |
| 4 | കണ്ടംതിട്ട കുഴിവിള റോഡ് കോൺക്രീറ്റിംഗ്, പ്രോജ.നം-186/16-17,എം.ബുക്ക്നം-37/16-17 | 181532 | ബിൽനം.27/ എ.ഇ/16-17, തിയതി. 31-03-17 |
| 5 | പുറുത്തിപ്പാറ അംഗൻവാടി നടപ്പാത, പ്രോജ. നം-152/17, എം.ബുക്ക്നം- 40/16-17 | 300000 | 193459 |
| 6 | തൊട്ടിവിളാകം റോഡ് സൈഡ് വാൾ നിർമ്മാണം, പ്രോജ.നം-70/16-17, എം.ബുക്ക്നം- 18/16-17 | 400000 | 339546 |
| 7 | ചപ്പാത്ത് മൂങ്ങോട് റോഡ് നിർമ്മാണം, പ്രോജ.നം- , എം.ബുക്ക്നം-36/16-17 | 290000 | 263258 |
| 8 | ദ്രവ്യപ്പാറ - പുറുത്തിപ്പാറ റോഡിൽ ഓട നിർമ്മാണം, പ്രോജ.നം-71/17, | 375000 | 339052 |

| | | | |
|---|---|---|---|
| | എം.ബുക്ക് നം.39/16-17 | | |
| 9 | കുറിച്ച് ചീലാത്തിക്കുഴി കലുങ്ക് നിർമ്മാണം, പ്രോജ.നം-158/-17, എം.ബുക്ക്നം- 6/16-17 | 200000 | 178580 |
| 10 | കുട്ടമല ആയുർവ്വേദ ആശുപത്രി നവീകരണം, പ്രോജ.നം- 68/17, എം.ബുക്ക്നം- 154/16-17 | 300000 | 227231 |
| | ആകെ | | 2339406 |

ചെലവുരേഖകളുടെ അഭാവത്തിൽ തുക അനുവദിച്ച് നൽകിയത് മാർഗ്ഗരേഖാ ലംഘനമായി ഓഡിറ്റ് വിലയിരുത്തുന്നു. ചെലവു രേഖകളുടെ അഭാവത്തിൽ കണവീനർമാർക്ക് നൽകിയ 2339406/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്. ഭാവിയിൽ ചെലവു രേഖകളുടെ അടിസ്ഥാനത്തിൽ മാത്രം തുക അനുവദിച്ച് നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-5 നിർഭയ - ജാഗ്രതാ സമിതി പ്രവർത്തന അവലോകനം

സ.ഉ(എം.എസ്) 31/2007/ത.സ്വ.ഭ.വ. പ്രകാരം പഞ്ചായത്ത് മേഖലയിലെ സ്ത്രീകളുടേയും കുട്ടികളുടേയും കുടുംബ-സാമൂഹ്യ പ്രശ്നങ്ങൾ കണ്ടെത്തി അവയ്ക്ക് ശാശ്വത പരിഹാരം കാണുവാനും അവരുടെ സാമൂഹ്യസുരക്ഷ ഉറപ്പ് വരുത്തുവാനും പഞ്ചായത്ത് തലത്തിൽ ജാഗ്രതാ സമിതി പ്രവർത്തിച്ച് വരുന്നു. ഇതിന്റെ സുഗമമായ പ്രവർത്തനത്തിന് 2016-17സാമ്പത്തികവർഷം വികസനഫണ്ടിൽ നിന്ന് ഐ.സി.ഡി.എസ്.സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായി 50000/-രൂപ ചെലവ് ചെയ്തു. എന്നാൽ ഇത്തരത്തിലൊരു സമിതി പൊതുജനങ്ങൾക്കായി ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്നതായി യാതൊരറിയിപ്പും പഞ്ചായത്ത് പരിസരത്ത് പ്രദർശിപ്പിച്ചിട്ടില്ല. സമിതിയുടെ സേവനവുമായി ബന്ധപ്പെട്ട പരാതിപ്പെട്ടികളും പരസ്യബോർഡുകളും അംഗനവാടികളിൽ സ്ഥാപിച്ചിട്ടുള്ളതായി നിർവ്വഹണോദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത സമിതിയുടെ പ്രാധാന്യം, പ്രവർത്തനം, നൽകുന്ന സേവനം എന്നിവ പൊതുജന ശ്രദ്ധയിൽ കൊണ്ടുവന്ന് ജനകീയമാക്കിയാൽ പിന്നോക്ക മേഖലയായ ഗ്രാമപഞ്ചായത്ത് പരിധിയിൽ കൂടുതൽ മെച്ചപ്പെട്ട സേവനം നൽകുവാൻ സമിതിക്ക് കഴിയുന്നതാണ്. ആയതിനാൽ ഇത്തരത്തിലൊരു സമിതി പൊതുജനങ്ങൾക്കായി ഗ്രാമപഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്നതായി കാണിച്ചുകൊണ്ടുള്ള പരസ്യബോർഡ് പഞ്ചായത്ത് കാര്യാലയത്തിന് മുന്നിൽ സ്ഥാപിക്കുവാനും സമിതിയുടെ സേവനം ലഭ്യമാകുന്ന ദിവസം, സമയം എന്നീ വിവരങ്ങൾ പ്രസ്തുത അറിയിപ്പ് ബോർഡിൽ ഉൾപ്പെടുത്തുവാനും ഭരണതലത്തിൽ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-6 പോഷകാഹാര പദ്ധതിക്കായി ലഭിക്കുന്ന കേന്ദ്രവിഹിതം പ്രത്യേക അക്കൗണ്ടിൽ സൂക്ഷിക്കുന്നില്ല

അംഗനവാടികളുടെ പോഷകാഹാര വിതരണത്തിന് ചെലവഴിക്കുന്ന തുകയിൽ നിബന്ധനകൾക്ക് വിധേയമായി കേന്ദ്രഗവൺമെന്റിൽ നിന്ന് ലഭിക്കുന്ന 50ശതമാനം തുക പ്രത്യേക അക്കൗണ്ടിലാണ് സൂക്ഷിക്കേണ്ടത്. എന്നാൽ ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തിക വർഷം ഇത്തരത്തിൽ ലഭിച്ച കേന്ദ്രവിഹിതം പ്രത്യേക അക്കൗണ്ട് തുടങ്ങി അതിൽ സൂക്ഷിക്കാതെ ഗ്രാമപഞ്ചായത്തിന്റെ തനതുവരുമാനം സൂക്ഷിക്കുന്ന അക്കൗണ്ടിൽ തനതു വരുമാനത്തോടൊപ്പമാണ് സൂക്ഷിച്ചുവരുന്നത്. ജി.ഒ(പി)177/2006/ധനം,11-3 തിയതി. 12-04-2006 പ്രകാരം കേന്ദ്രവിഹിതം പ്രത്യേക അക്കൗണ്ടിൽ സൂക്ഷിക്കുവാൻ അധികൃതർ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-7 പത്രപ്പരസ്യം അർഹമായ ഡിസ്കൗണ്ട് നേടിയെടുക്കുന്നില്ല

ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിന്റെ 22-01-2013ലെ ജി.ഒ(പി) 1/13/I&PRDനം.ഉത്തരവ് പ്രകാരം വകുപ്പ് മുഖേനയോ നേരിട്ടോ മലയാള ദിനപ്പത്രങ്ങളിൽ അച്ചടിക്കായി നൽകുന്ന പരസ്യങ്ങൾക്ക് 15% ഡിസ്കൗണ്ട് അനുവദിക്കണമെന്ന് നിർദ്ദേശിക്കുന്നു. എന്നാൽ ഏജൻസികൾ മുഖേന പത്രപ്പരസ്യങ്ങൾ നൽകിയതിനാൽ ഈ ആനുകൂല്യം പ്രയോജനപ്പെട്ടില്ല. വിശദവിവരങ്ങളാണ് ചുവടെ കൊടുത്തിരിക്കുന്നത്.

| പത്രത്തിന്റെ പേര് | വലിപ്പം, പരസ്യ തീയതി | നൽകിയ തുക | ചെക്ക്/ബിൽ നം. |
|---|---|---|---|
| ദേശാഭിമാനി | 5x2 / 25-10-2016 | 4400 | 752235/09-12-16 |
| മാതൃഭൂമി | 3.90x5/15-03-2017 | 6825 | 879129/31-3-17 |
| മാതൃഭൂമി | 3.90x5/15-03-2017 | 6825 | 879128/31-03-17 |
| മാതൃഭൂമി | 8x6/12-02-2017 | 16800 | 879102/12-03-17 |
| ദേശാഭിമാനി | 4x2 / 08-03-2017 | 7040 | 879103/10-03-17 |
| ആകെ | | 41890 | |

ഡിസ്കൗണ്ട് ആനുകൂല്യം ലഭിച്ചിരുന്നുവെങ്കിൽ 6283/-രൂപ (15%of 41890= 6283/-Rs) പരസ്യച്ചെലവിൽ ലാഭിക്കാമായിരുന്നു. ഭാവിയിൽ ഇത്തരം അപാകതകളുണ്ടാക്കി പഞ്ചായത്തിന് സാമ്പത്തിക നഷ്ടം ഉണ്ടാകാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-8 ധനവിനിയോഗ സാക്ഷ്യപത്രം/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല-1808000/-രൂപ തടസ്സം

2016-17 സാമ്പത്തിക വർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി ചുവടെ പ്പറയുന്ന പ്രവൃത്തികൾക്ക് ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക്/ഏജൻസികൾക്ക് പദ്ധതിപ്രകാരമുള്ള തുക നൽകിയെങ്കിലും നാളിതുവരെ തുക കൈപ്പറ്റി പണി പൂർത്തീകരിച്ചതിന്റെ ധനവിനിയോഗ

സാക്ഷ്യപത്രം/പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം./ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 1 | പി.ഡബ്ള്യൂ.ഡി. സബ് ഡിവിഷൻ, തിരുവനന്തപുരം | കുന്നത്തുമല എം.ജി.എൽ.സി. വയറിംഗ് | | 54000 | ലഭ്യമല്ല | - |
| 2 | പി.ഡബ്ള്യൂ.ഡി. സബ് ഡിവിഷൻ, തിരുവനന്തപുരം | തേക്കുപാറ കമ്മ്യൂണിറ്റി ഹാൾ വയറിംഗ് | | 48000 | ലഭ്യമല്ല | - |
| 3 | പി.ഡബ്ള്യൂ.ഡി. സബ് ഡിവിഷൻ, തിരുവനന്തപുരം | അയ്യവിളാകം കമ്മ്യൂണിറ്റി ഹാൾ വയറിംഗ് | | 48000 | ലഭ്യമല്ല | - |
| 4 | വാട്ടർ അതോറിട്ടി, നെയ്യാറ്റിൻകര | കുടിവെള്ള വിതരണം പൊതു ടാപ്പ് സ്ഥാപിക്കൽ | | 96000 | ലഭ്യമല്ല | - |
| 5 | വാട്ടർ അതോറിട്ടി, നെയ്യാറ്റിൻകര | കുടിവെള്ള വിതര ണം പൈപ്പ് ലൈൻ നീട്ടൽ | | 794000 | ലഭ്യമല്ല | - |
| 6 | വാട്ടർ അതോറിട്ടി, നെയ്യാറ്റിൻകര | കുടിവെള്ള വിതര ണം പൈപ്പ് ലൈൻ നീട്ടൽ | | 760000 | ലഭ്യമല്ല | - |
| 7 | വാട്ടർ അതോറിട്ടി, നെയ്യാറ്റിൻകര | കുട്ടമല ജംഗ്ഷനിൽ പൊതുടാപ്പ് സ്ഥാപിക്കൽ | | 4000 | ലഭ്യമല്ല | - |

| | | | | | | |
|---|---|---|---|---|---|---|
| 8 | വാട്ടർ അതോറിട്ടി, നെയ്യാറ്റിൻകര | പാമ്പരംകാവ് ജംഗ്ഷനിൽ പൊതുടാപ്പ് സ്ഥാപിക്കൽ | | 4000 | ലഭ്യമല്ല | - |
| ആകെ | | | | 1808000 | | |

മേൽപ്പറഞ്ഞ പദ്ധതികൾക്ക് ചെലവ് ചെയ്ത തുകയെ സംബന്ധിച്ച വിവരവും ലഭ്യമല്ല. ചെലവ് തുക, ധനവിനിയോഗ സാക്ഷ്യപത്രം/പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കാത്തതിനാൽ 1808000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മതിയായ രേഖകൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം നീക്കേണ്ടതാണ്.

## 3-9 വികലാംഗ പെൻഷൻ - റിപ്പോർട്ട് ലഭ്യമാക്കി പെൻഷൻ അനുവദിക്കുന്നതിൽ കാലതാമസം

വികലാംഗ പെൻഷന് ലഭിക്കുന്ന അപേക്ഷകളിൽ 60ദിവസത്തിനകം തീരുമാനമെടുത്ത് അർഹതയുള്ളവർക്ക് പെൻഷൻ ലഭ്യമാക്കേണ്ടതാണെന്ന് നിലവിലെ ചട്ടങ്ങൾ അനുശാസിക്കുന്നു. എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പ്രകാരം പ്രസ്തുത മാനദണ്ഡം പാലിച്ചിട്ടില്ല. എതാനും ചില വിവരങ്ങളാണ് ചുവടെ കൊടുത്തിരിക്കുന്നത്

| ക്രമ നം. | അപേക്ഷകന്റെ പേരുംവിലാസവും | അപേക്ഷിച്ച തിയതി | അന്വേഷണോദ്യോഗസ്ഥന് അപേക്ഷ കൈമാറിയ തിയതി | റിപ്പോർട്ട് ലഭ്യമായ തിയതി |
|---|---|---|---|---|
| 1 | ശ്രീ.ഷിബിൻ.എസ്,ചരുവിള പുത്തൻ വീട്, മൂങ്ങോട്, തേക്കുപാറ | 03-01-2017 | 25-03-2017 | ലഭിച്ചിട്ടില്ല |
| 2 | ശ്രീ.ലിജു തോമസ്, ഓഡലാനിയിൽ, അമ്പൂരി | 21-01-2017 | 25-03-2017 | ലഭിച്ചിട്ടില്ല |
| 3 | ശ്രീ.അഭിൻ.ആർ.സി, രാജാ ഭവൻ, തേക്കുപാറ | 17-02-2017 | 25-03-2017 | ലഭിച്ചിട്ടില്ല |
| 4 | ശ്രീമതി.പ്രിയങ്ക.പി.എസ്, പ്ലാങ്കാല വീട്, തുടിയംകോണം, അമ്പൂരി | 21-02-2017 | 25-03-2017 | ലഭിച്ചിട്ടില്ല |

| | | | | |
|---|---|---|---|---|
| 5 | ശ്രീമതി.ജ്വാലിനി ബിനോയി, കാവുംപുറത്തുവീട്, അമ്പൂരി | 09-03-2017 | 25-03-2017 | ലഭിച്ചിട്ടില്ല |
| 6 | ശ്രീ.രജനി.എം.ആർ,ചന്ദ്രഗിരി, കോവില്ലൂർ, കുടപ്പനമൂട് | 07-04-2017 | 04-05-2017 | ലഭിച്ചിട്ടില്ല |
| 7 | ശ്രീ.രാമചന്ദ്രൻ.എസ്, പ്രതീഷ് ഭവൻ, പന്ത | 12-04-2017 | 04-05-2017 | ലഭിച്ചിട്ടില്ല |
| 8 | ശ്രീ.ജസ്റ്റസ്, കല്ലട്ടുക്കിൽ വീട്, അമ്പൂരി | 22-04-2017 | 04-05-2017 | ലഭിച്ചിട്ടില്ല |
| 9 | ശ്രീമതി. ആമിലിൻ മാത്യു, കല്ലനട്ടുവിള വീട്, തുടിയംകോണം | 26-04-2017 | 04-05-2017 | ലഭിച്ചിട്ടില്ല |
| 10 | ശ്രീമതി.ആൻസി, റീജൻ ഭവൻ, കമ്മ്യൂണിസ്റ്റ് മുക്ക്, തേക്കുപാറ | 18-05-2017 | 26-05-2017 | ലഭിച്ചിട്ടില്ല |

സാമൂഹ്യക്ഷേമ പെൻഷനുകൾക്ക് ലഭിക്കുന്ന അപേക്ഷകളിൽ തീരുമാനമെടുത്ത് പെൻഷൻ അനുവദിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതിന് കാരണം ക്ഷേമ പെൻഷനുകൾക്ക് അധികൃതർ മതിയായ പ്രാധാന്യം നൽകുന്നില്ലായെന്നതാണ്. അന്വേഷണ ഉദ്യോഗസ്ഥന്റെ അന്വേഷണ റിപ്പോർട്ട് ലഭ്യമാകുന്നതിലെ കാലതാമസമാണ് ഇത്തരത്തിൽ പെൻഷൻ അനുവദിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതിന് കാരണമെന്ന് ബന്ധപ്പെട്ട രേഖകൾ വ്യക്തമാക്കുന്നു. (പ്രത്യേകിച്ചും വികലാംഗ പെൻഷൻ). ഭാവിയിൽ സാമൂഹ്യക്ഷേമ പെൻഷനുകൾ അനുവദിക്കുവാൻ ഇത്തരത്തിലുള്ള കാലതാമസമുണ്ടാകാതെ സമയബന്ധിതമായി അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കി അർഹതയുള്ളവർക്ക് പെൻഷൻ ആനുകൂല്യം നൽകുവാൻ അധികൃതർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-10 ചെലവഴിച്ച തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമായിട്ടില്ല

വിവിധ പദ്ധതികളിലായി താഴെ പറയുന്ന നിർവഹണോദ്യോഗസ്ഥർ മരുന്നുകൾ വാങ്ങുന്നതിനായി തുക ചെലവഴിച്ചെങ്കിലും ചെലവഴിച്ച തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമായിട്ടില്ല.വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്റ്റ് നം & അടങ്കൽ തുക | നിർവഹണ ഉദ്യോഗസ്ഥൻ | ബിൽ നം & തീയതി | ചെലവഴിച്ച തുക | ലഭ്യമായ മരുന്ന് | ലഭിക്കാനുള്ള മരുന്ന് |
|---|---|---|---|---|---|---|
| 1 | 89/17, | മെഡിക്കൽ | 1/16-17, | 450000 | 420958 | 29042 |

| | | | | | | |
|---|---|---|---|---|---|---|
| | 450000 (മെയിന്റനൻസ്-റോഡിതരം) | ഓഫീസർ (ആയുർവേദം) | 18.11.2016 | | | |
| 2 | 22/17, 500000 (മെയിന്റനൻസ്-റോഡിതരം) | മെഡിക്കൽ ഓഫീസർ (അലോപ്പതി) | 3/16-17, 28.02.2017 | 500000 | - | 500000 |
| 3 | 151/17, 150000 (മെയിന്റനൻസ്-റോഡിതരം) | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 0201290048169, 24.03.2017 | 150000 | - | 150000 |

ലഭിക്കാനുള്ള മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-11 യാത്രാബത്ത - ത്രൈമാസ പരിധി അധികരിച്ചു - 1133/- നിരാകരിക്കുന്നു

വൗച്ചർ നമ്പർ : 21600353, തീയതി: 5-11-2016

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

ചുവടെ പറയുന്ന ഉദ്യോഗസ്ഥർക്ക് യാത്ര ബത്ത അനുവദിച്ചപ്പോൾ സ.ഉ (പി)നം:74/ 2012/ധന തീയതി: 28.01.2012 അനുസരിച്ചുള്ള യാത്ര ബത്തയുടെ ത്രൈമാസ പരിധി അധികരിച്ചു.

| പേര്, ഉദ്യോഗപ്പേര് | കാലയളവ് | അനുവദിച്ച തുക | പരിധി | അധികരിച്ച തുക |
|---|---|---|---|---|
| മോഹന കുമാരൻ നായർ സെക്രട്ടറി | 01/2016മുതൽ 03/2016 വരെ | 5747 | 5460 | 287 |
| അശോകൻ കുമാർ എസ് അക്കൗണ്ടന്റ് | " | 5256 | 4410 | 846 |
| ആകെ | | | | 1133 |

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം:10)-ന മറുപടി ലഭിച്ചില്ല. അധികമായി നൽകിയ തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്

## 3-12 ചെലവ് രേഖകൾ ഹാജരാക്കിയില്ല - 8000/- തുക തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

ചുവടെ പറയുന്ന തനത് ഫണ്ട് വൗച്ചറുകളുടെ ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല.

വൗച്ചർ നമ്പർ : 21600619, തീയതി :05.11.2016 തുക: 8000/-

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം:10) ന മറുപടി ലഭിച്ചില്ല. ഈ സാഹചര്യത്തിൽ 8000/-രൂപ തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്

## 3-13 പാലിയേറ്റീവ് കെയർ പഞ്ചായത്ത് വിഹിതം ഒടുക്കൽ – കൈപ്പറ്റ രസീത് ഹാജരാക്കിയില്ല

പ്രോജക്ട് നമ്പർ : എസ് 137/17

നിർവഹണ ഉദ്യോഗസ്ഥ : മെഡിക്കൽ ഓഫീസർ (അലോപ്പതി)

അടങ്കൽ തുക : 100000 (വികസന ഫണ്ട് ( പൊതു വിഭാഗം))

ബിൽ നമ്പർ : 8/16-17-Palliative care തീയതി :29.03.2017

തുക : 100000

പാലിയേറ്റീവ് കെയർ സെക്കൻഡറി ലെവൽ പഞ്ചായത്ത് വിഹിതം ജില്ലാ പഞ്ചായത്തിൽ ഒടുക്കുന്നതിനായാണ് പദ്ധതി രൂപീകരിച്ചത്. ഇതിനായി 100000/-രൂപ ചെലവഴിച്ചെങ്കിലും ജില്ലാ പഞ്ചായത്തിൽ നിന്നും കൈപ്പറ്റ രസീത് ഹാജരാക്കിയില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം:12) മറുപടി ലഭിച്ചില്ല. ആയതിനാൽ 100000/-രൂപയുടെ കൈപ്പറ്റ രസീത് ജില്ലാ പഞ്ചായത്തിൽ നിന്നും വാങ്ങി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്

## 3-14 ഉയർന്ന സ്പെസിഫിക്കേഷനുകൾ ഉള്ള പ്രിന്റർ വാങ്ങി – standards of financial propriety യുടെ ലംഘനം- അധിക ചെലവ്

പ്രോജക്ട് നമ്പർ : 140/17

നിർവഹണ ഉദ്യോഗസ്ഥ : മെഡിക്കൽ ഓഫീസർ (അലോപ്പതി)

അടങ്കൽ തുക : 124640 (വികസന ഫണ്ട് ( പൊതു വിഭാഗം))

ബിൽ നമ്പർ : improvement of phc തീയതി :22.03.2017

തുക: 124640

പി.എച്ച്.സി-യുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ എന്ന പദ്ധതിയിൽ കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ വാങ്ങിയിട്ടുണ്ട്. ഇത് സംബന്ധിച്ച ഫയൽ പരിശോധിച്ചപ്പോൾ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

- കമ്പ്യൂട്ടർ, പ്രിന്റർ എന്നിവക്കായി ക്ഷണിച്ച ക്വട്ടേഷനുകളിൽ സ്പെസിഫിക്കേഷൻ രേഖപ്പെടുത്തിയിരുന്നില്ല. ആയതിനാൽ ക്വട്ടേഷനിൽ പങ്കെടുത്ത സ്ഥാപനങ്ങൾ അവരുടെ ഇഷ്ടത്തിനനുസരിച്ചുള്ള കൂടിയ സ്പെസിഫിക്കേഷൻ കംപ്യൂട്ടറുകൾ ക്വാട്ട് ചെയ്തു. ആയതിനാൽ ഉയർന്ന നിരക്കിലുള്ള കമ്പ്യൂട്ടറുകൾ വാങ്ങേണ്ടി വന്നു.
- വാങ്ങിയ കമ്പ്യൂട്ടർ അസ്സെംബിൾഡ് കമ്പ്യൂട്ടർ ആയിരുന്നു.
- പ്രിന്ററിനു സ്പെസിഫിക്കേഷൻ പറയാതിരുന്നതിനാൽ ക്വാട്ട് ചെയ്ത പ്രിന്ററുകൾ എ 3 പേപ്പർ പ്രിന്റ് ചെയ്യുന്ന കളർ പ്രിന്ററുകളുടെ നിരക്കായിരുന്നു. സാധാരണ ഓഫീസ് ആവശ്യങ്ങൾക്ക് എ3 സൈസിലുള്ള കളർ പ്രിന്റർ ആവശ്യമില്ല. പഞ്ചായത്തുകളിലും അനുബന്ധ സ്ഥാപനങ്ങളിലും കളർ പ്രിന്ററിന്റെ ആവശ്യം വരുന്നില്ല. ബ്ലാക്ക് ആൻഡ് വൈറ്റ് പ്രിന്ററിന്റെ ഇന്നത്തെ മാർക്കറ്റ് റേറ്റ് 5000 – 6000 രൂപയാണ്. എന്നാൽ ഇവിടെ വാങ്ങിയിരിക്കുന്
- കളർ പ്രിന്ററിന്റെ കാർട്രിഡ്ജിന്റെ വില മോണോക്രോം കാർട്രിഡ്ജിനേക്കാൾ കൂടുതലാണ്.

കളർ പ്രിന്റർ വാങ്ങിയതുകാരണം 18000 – 19000 രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. അതിനു പുറമെ ഭാവിയിലുള്ള ഓപ്പറേഷനൽ ചെലവുകൾ കാരണം ഇനിയും നഷ്ടം ഈ വാങ്ങലിലൂടെ ഉണ്ടാകുന്നു. ക്വട്ടേഷനിൽ സ്പെസിഫിക്കേഷൻ നൽകിയിരുന്നെ ങ്കിൽ ഇത്രയും അധിക ചെലവുകൾ ഒഴിവാക്കാമായിരുന്നു

| | |
|---|---|
| Standards of financial propriety (Article 40(b) of Kerala Financial Code) | |
| | Every Government servant who incurs or authorises the incurring of any expenditure from public funds should see that it does not contravene the following principles which are known as the standards of financial propriety. |
| 1. The expenditure should not be prima facie more than the occasion | |

| | |
|---|---|
| demands. Every Government servant is expected to exercise the same diligence and care in respect of all expenditure from public moneys under his control as a person of ordinary prudence would exercise in respect of the expenditure of his own money. | |

ഈ സാഹചര്യത്തിൽ ഇത്രയും ഉയർന്ന സ്പെസിഫിക്കേഷനുകൾ ഉള്ള പ്രിന്റർ വളരെ ഉയർന്ന വിലക്ക് വാങ്ങിയത് standards of financial propriety യുടെ ലംഘനമാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം:12) മറുപടി ലഭിച്ചില്ല. മേൽ പറഞ്ഞ കോഡൽ പ്രൊവിഷൻ ലംഘിച്ചുകൊണ്ട് ഇങ്ങനെയൊരു വാങ്ങൽ നടത്തിയതിനു വിശദീകരണം നൽകേണ്ടതാണ്.

## 3-15 അധിക നിരക്കിൽ ഗുണഭോക്തൃ വിഹിതം ഈടാക്കി

പ്രോജക്റ്റ് നമ്പർ : 87/17

നിർവഹണ ഉദ്യോഗസ്ഥ : കൃഷി ഓഫീസർ

അടങ്കൽ തുക : 123740(74980- വികസന ഫണ്ട്

(പൊതു വിഭാഗം), 23400-മറ്റുള്ളവ)

| | | | |
|---|---|---|---|
| ബിൽ നമ്പർ | : | 2/2016-17 | തീയതി : 23.03.2017 തുക: 16300 |
| ബിൽ നമ്പർ | : | 5/2016-17 | തീയതി : 29.03.2017 തുക: 58680 |

വാഴ കൃഷി നടത്തുന്നതിനായി വാഴ തൈകളും രാസവളങ്ങളും സബ്സിഡിയായി നൽകുന്നതാണ് പദ്ധതി. ഇതിൽ വാഴ തൈ, വേപ്പിൻ പിണ്ണാക്ക് എന്നിവ 75% സബ്സിഡിയിലും മറ്റു രാസവളങ്ങൾ 50% സബ്സിഡിയിലും നൽകുന്നതിനാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. എന്നാൽ പദ്ധതി നടപ്പിലാക്കിയപ്പോൾ വാഴ തൈകൾ 50% സബ്സിഡി അനുവദിച്ചപ്പോൾ ബാക്കി 50% ഗുണഭോക്തൃ വിഹിതം ഈടാക്കേണ്ടതായി വന്നു. ഈ പദ്ധതിയിൽ താഴെ പറയുന്ന അപാകതകൾ കണ്ടു

- സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയില്ല.
- പ്ലാൻ ഫണ്ടും ഗുണഭോക്തൃ വിഹിതവും ഉൾപ്പെടെ 6000 (3000 +3000), 21600 (10800 + 10800) രൂപയ്ക്ക് വാഴ തൈകൾ വാങ്ങിയിട്ടുണ്ട്. ടി തുക കെയ്യോക്ക് നൽകിയതിന്റെ കൈപറ്റ് രസീത് ലഭ്യമല്ല.
- പ്ലാൻ ഫണ്ടും ഗുണഭോക്തൃ വിഹിതവും ഉൾപ്പെടെ 22903 (13300 +9603), 82450.8 (47880+34570.08) രൂപയ്ക്ക് രാസവളങ്ങൾ വാങ്ങിയെങ്കിലും അതിന്റെ വിതരണ രേഖകൾ

ഹാജരാക്കിയില്ല.

- രാസവളത്തിന്റെ വിലയായ 22903, 82450.8 അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കിയില്ല.
- പിരിച്ചെടുത്ത ഗുണഭോക്തൃ വിഹിതം അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കിയില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം:13) മറുപടി ലഭിച്ചില്ല. ഈ സാഹചര്യത്തിൽ വാഴ കൃഷിക്കായി ചെലവഴിച്ച 132953.8രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. സബ്സിഡി നിരക്കുകൾ കൃത്യമായി പാലിച്ചുകൊണ്ട് പദ്ധതി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-16 സമഗ്ര ജൈവ പച്ചക്കറി - രേഖകൾ ഹാജരാക്കിയില്ല

പ്രോജക്ട് നമ്പർ : 86/17

നിർവഹണ ഉദ്യോഗസ്ഥ : കൃഷി ഓഫീസർ

അടങ്കൽ തുക : 123740

(74980 - വികസന ഫണ്ട് (പൊതു വിഭാഗം), 23400 - മറ്റുള്ളവ)

ബിൽ നമ്പർ : 3/2016-17 തീയതി : 23.03.2017 തുക: 8625
ബിൽ നമ്പർ : 6/2016-17 തീയതി : 29.03.2017 തുക: 13875

സമഗ്ര പച്ചക്കറി പദ്ധതിയിൽ ജൈവ വളവും ജൈവ കീടനാശിനികളും സബ്സിഡി നിരക്കിൽ നൽകുന്നതാണ് പദ്ധതി. ഈ പദ്ധതിയിൽ താഴെ പറയുന്ന അപാകതകൾ കണ്ടു

- സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയില്ല.
- പ്ലാൻ ഫണ്ടും ഗുണഭോക്തൃ വിഹിതവും ഉൾപ്പെടെ 17250 (8625+8625), 27750(13875 +13875) രൂപയ്ക്ക് ജൈവ കീടനാശിനി വാങ്ങിയിട്ടുണ്ട്. ടി തുക നൽകിയതിന്റെ കൈപറ്റു രസീത് ലഭ്യമല്ല.
- ജൈവ കീടനാശിനി വാങ്ങിയെങ്കിലും അതിന്റെ വിതരണ രേഖകൾ ഹാജരാക്കിയില്ല.
- പിരിച്ചെടുത്ത ഗുണഭോക്തൃ വിഹിതം അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കിയില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം:13) മറുപടി ലഭിച്ചില്ല. ഈ സാഹചര്യത്തിൽ ജൈവ കീടനാശിനിക്കായി ചെലവഴിച്ച 22500/-രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-17 വെറ്റില കൃഷി - രേഖകൾ ഹാജരാക്കിയില്ല

പ്രോജക്ട് നമ്പർ : 88/17

നിർവഹണ ഉദ്യോഗസ്ഥ : കൃഷി ഓഫീസർ

അടങ്കൽ തുക : 34750

(25020 - വികസന ഫണ്ട് (പൊതു വിഭാഗം), 9730 - മറ്റുള്ളവ)

ബിൽ നമ്പർ : 1/2016-17 തീയതി : 22.03.2017 തുക: 25020

വെറ്റില കൃഷി പദ്ധതിയിൽ വെറ്റില തൈകളും വളങ്ങളും സബ്സിഡി നിരക്കിൽ നൽകുന്നതാണ് പദ്ധതി. ഈ പദ്ധതിയിൽ താഴെ പറയുന്ന അപാകതകൾ കണ്ടു.

- സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയില്ല.
- പ്ലാൻ ഫണ്ടും ഗുണഭോക്തൃ വിഹിതവും ഉൾപ്പെടെ 4170 (2100+2070) രൂപയ്ക്ക് ലൈം വാങ്ങിയിട്ടുണ്ട്. ടി തുക നൽകിയതിന്റെ കൈപ്പറ്റു രസീത് ലഭ്യമല്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം:13) മറുപടി ലഭിച്ചില്ല. ഈ സാഹചര്യത്തിൽ ജൈവ കീടനാശിനിക്കായി ചെലവഴിച്ച 4170രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്

## 3-18 വിതരണ രേഖകൾ ഹാജരാക്കിയില്ല - 200000 രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നമ്പർ : 200/17

നിർവഹണ ഉദ്യോഗസ്ഥ : ഐസിഡിഎസ് സൂപ്പർവൈസർ

അടങ്കൽ തുക : 200000 (വികസന ഫണ്ട് ( പൊതു വിഭാഗം))

ബിൽ നമ്പർ : scholarship for disabled children
തീയതി : 31.03.2017, തുക: 200000/-

മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് എന്ന പദ്ധതിയിൽ മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി 200000/-രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ടി തുക ചെലവഴിച്ചതിന്റെ വിതരണ രേഖകൾ ഹാജരാക്കിയില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം:16) മറുപടി ലഭിച്ചില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 200000/-രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-19 ഭക്ഷണ സാധനങ്ങൾ വാങ്ങി നൽകൽ - സ്റ്റോക്ക് രജിസ്റ്ററിൽ പൊരുത്തക്കേടുകൾ

പ്രോജക്ട് നമ്പർ : 62/17

നിർവഹണ ഉദ്യോഗസ്ഥ : ഐ.സി.ഡി.എസ്. സൂപ്പർവൈസർ

അടങ്കൽ തുക : 100000 വികസന ഫണ്ട് ( പൊതു വിഭാഗം))

ബിൽ നമ്പർ : 3-feeding navajyothi തീയതി : 31.01.2017 തുക: 52752
ബിൽ നമ്പർ : 7-feeding navajyothi തീയതി : 28.02.2017 തുക: 47248

നവജ്യോതി സ്പെഷ്യൽ സ്കൂളിലെ മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് ഭക്ഷണം നല്കുന്നതിനായാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. ഇത് സംബന്ധിച്ച സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചപ്പോൾ ഭക്ഷണം പാകം ചെയ്യുന്നതിനായി വാങ്ങിയ സാധനങ്ങളുടെ അളവിലും സ്റ്റോക്ക് രജിസ്റ്ററിലെ അളവിലും വ്യത്യാസങ്ങൾ കണ്ടു.

| ക്രമ നം. | സാധനത്തിന്റെ പേര് | വാങ്ങിയ ബിൽ പ്രകാരം | | സ്റ്റോക്ക് രജിസ്റ്റർ പ്രകാരം | | വ്യത്യാസം |
|---|---|---|---|---|---|---|
| | | അളവ് (കിലോ) | രൂപ | അളവ് (കിലോ) | രൂപ | |
| 1 | വറ്റൽ മുളക് | 2 | 380 | - | - | 380 |
| 2 | വൻപയർ | 5 | 241 | - | - | 241 |
| 3 | വെള്ളക്കടല | 3 | 333 | - | - | 333 |
| 4 | പഞ്ചസാര | 3 | 120 | - | - | 120 |
| 5 | സബോള | 11 | 198 | 1 | 18 | 180 |
| 6 | മീറ്റ് മസാല | 11 | 281 | 1 | 26 | 255 |
| 7 | കുത്തുവിളക്ക് ആട്ട | 14 | 490 | 4 | 140 | 350 |
| 8 | മൈദ | 5 | 210 | 3 | 126 | 84 |
| ആകെ | | | | | | 1943 |

ഇപ്രകാരം 1943/-രൂപയുടെ സാധനങ്ങൾ ലഭിച്ചതായി സ്റ്റോക്കിൽ രേഖപ്പെടുത്തി യിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം:16) മറുപടി ലഭിച്ചില്ല.ആയതിനാൽ 1943 രൂപയുടെ ചെലവ് നിരാകരിക്കുന്നു.

## 3-20 അംഗനവാടി -അവലോകനം

അമ്പൂരി പഞ്ചായത്തിലെ ഐസിഡിഎസ് സൂപ്പർവൈസർ നടപ്പിലാക്കിയ പദ്ധതികൾ പരിശോധിച്ചതിൽ താഴെ പറയുന്ന വസ്തുതകൾ ശ്രദ്ധയിൽപെട്ടു.

- അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങൾ വളരെ മെച്ചപ്പെട്ട രീതിയിലുള്ളതല്ല.

| അംഗനവാടികളുടെ എണ്ണം | വൈദ്യുതി ഇല്ലാത്തത് | വാടക കെട്ടിടത്തിൽ | വാട്ടർ കണക്ഷൻ | ടോയ്‌ലറ്റ് ഇല്ലാത്തത് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | പ്രവർത്തിക്കുന്നത് | ഇല്ലാത്തത് | |
| 24 | 2 | 7 | - | - |

- അംഗനവാടി വിദ്യാർഥികൾക്ക് 300ഫീഡിങ് ഡേയ്സ് വേണമെന്ന് സർക്കാർ നിർദേശിച്ചിട്ടുണ്ടെങ്കിലും 288 ഫീഡിങ് ഡേയ്സ് മാത്രമാണ് 2016 -17 സാമ്പത്തിക വർഷത്തിൽ നൽകിയിട്ടുള്ളത് .
- പല അങ്കണവാടികളിലും സർക്കാർ നിർദേശിക്കുന്ന രീതിയിൽ മുറികൾ ക്രമീകരിച്ചിട്ടില്ല
- പോഷകാഹാര കുറവുകളുള്ള 4 കുട്ടികൾ ഉണ്ടെങ്കിലും അവരെ പിഎച്സിയിലേക്ക് റഫർ ചെയ്യതിന്റെ രേഖകൾ ഹാജരാക്കിയില്ല.
- മെഡിക്കൽ ഓഫീസർ ഇമ്മ്യൂണൈസേഷൻ ക്യാമ്പിൽ പങ്കെടുക്കുന്നുണ്ടെങ്കിലും ഹെൽത്ത് ചെക്കപ്പ് നടത്തിയതായുള്ള രേഖകൾ ലഭ്യമല്ല .
- അങ്കണവാടികളിൽ വെയ്യിങ് മെഷീൻ ലഭ്യമാണെങ്കിലും അവ പ്രവർത്തിക്കുന്നില്ല.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയ തിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം./ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 1 | പി.ഡബ്ള്യൂ.ഡി. സബ് ഡിവിഷൻ, തിരുവനന്തപുരം | കുന്നത്തുമല എം.ജി.എൽ.സി. വയറിംഗ് | ലഭ്യമല്ല | 54000 | ലഭ്യമല്ല | ലഭ്യമല്ല |
| 2 | പി.ഡബ്ള്യൂ.ഡി. | തേക്കുപാറ | ലഭ്യമല്ല | 48000 | ലഭ്യമല്ല | ലഭ്യമല്ല |

| | | | | | | |
|---|---|---|---|---|---|---|
| | സബ് ഡിവിഷൻ, തിരുവനന്തപുരം | കമ്മ്യൂണിറ്റി ഹാൾ വയറിംഗ് | | | | |
| 3 | പി.ഡബ്ള്യൂ.ഡി. സബ് ഡിവിഷൻ, തിരുവനന്തപുരം | അയ്യവിളാകം കമ്മ്യൂണിറ്റി ഹാൾ വയറിംഗ് | ലഭ്യമല്ല | 48000 | ലഭ്യമല്ല | ലഭ്യമല്ല |
| 4 | വാട്ടർ അതോറിട്ടി, നെയ്യാറ്റിൻകര | കുടിവെള്ള വിതരണം പൊതു ടാപ്പ് സ്ഥാപിക്കൽ | ലഭ്യമല്ല | 96000 | ലഭ്യമല്ല | ലഭ്യമല്ല |
| 5 | വാട്ടർ അതോറിട്ടി, നെയ്യാറ്റിൻകര | കുടിവെള്ള വിതര ണം പൈപ്പ് ലൈൻ നീട്ടൽ | ലഭ്യമല്ല | 794000 | ലഭ്യമല്ല | ലഭ്യമല്ല |
| 6 | വാട്ടർ അതോറിട്ടി, നെയ്യാറ്റിൻകര | കുടിവെള്ള വിതര ണം പൈപ്പ് ലൈൻ നീട്ടൽ | ലഭ്യമല്ല | 760000 | ലഭ്യമല്ല | ലഭ്യമല്ല |
| 7 | വാട്ടർ അതോറിട്ടി, നെയ്യാറ്റിൻകര | കുട്ടമല ജംഗ്ഷനിൽ പൊതുടാപ്പ് സ്ഥാപിക്കൽ | ലഭ്യമല്ല | 4000 | ലഭ്യമല്ല | ലഭ്യമല്ല |
| 8 | വാട്ടർ അതോറിട്ടി, നെയ്യാറ്റിൻകര | പാമ്പരംകാവ് ജംഗ്ഷനിൽ പൊതുടാപ്പ് സ്ഥാപിക്കൽ | ലഭ്യമല്ല | 4000 | ലഭ്യമല്ല | ലഭ്യമല്ല |

പ്രസ്തുത പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം, പൂർത്തീകരണ സാക്ഷ്യപത്രം ഇവ ഹാജരാക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എ. എസ്. ഭവന പദ്ധതി | സ.ഉ (സാ) നം.831/2010 ത.സ്വ.ഭ.വ തീയതി 11.03.2010 | 13764000 | 4657172 | 962914 | - | 3694258 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 35-1 | 2003-04 | 1 | ചീനിക്കാല അംഗൻവാടി നിർമ്മാണം അധ്വാൻസും | പ്രാദേശിക പരിശോധന നടത്തിയിട്ടുണ്ട് |

| | | | | | |
|---|---|---|---|---|---|
| | | | | പാർട്ട് ബില്ലും കൈപ്പറ്റിയ ശേഷം പ്രവൃത്തി അപൂർണമായി ഉപേക്ഷിച്ച | |
| 2000-01 | 46 | 2003-04 | 2 | തേക്കുപാറ കൊണ്ടകെട്ടി റോഡ് ടാറിംഗ് ടെണ്ടർ കിഴിച്ച് അവസാന ബില്ലിൽ നിന്നും കുറക്കാ ത്തതുകൊണ്ടുള്ള നഷ്ടം | തുക കരാറു കാരനിൽ നിന്നും ഈടാ ക്കിയിട്ടുണ്ട് |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

*(എ) സംക്ഷിപ്ത വിവരം*

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 51463863 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 44254004 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 3076 |
| ഓഡിറ്റിൽ തടസ്സപ്പെട്ടുത്തിയ തുക | 4515030 |

*(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം*

| ക്രമ നം. | ഖണ്ഡിക നം. | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|---|
| | | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 1 | 2-3 | 15500 | - | ശ്രീ.മോഹന കുമാരൻ നായിർ, സെക്രട്ടറി |

| | | | | |
|---|---|---|---|---|
| | | 15500 | - | ശ്രീ.സുധീർ.ഒ, ക്ലർക്ക് |
| 1 | 3-11 | - | 1133 | ശ്രീ.വി.ഹരികുമാർ, സെക്രട്ടറി |
| 2 | 3-19 | - | 1943 | ശ്രീമതി.സന്ധ്യ.എൻ.എസ്. ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| ആകെ | | 31000 | 3076 | |

*(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക*

| ക്രം നം. | ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 1 | 3-4 | 2339406 | ശ്രീ.ശ്രീരാഗ്, അസി.എഞ്ചിനീയർ |
| 2 | 3-8 | 1808000 | ശ്രീ.വി.ഹരികുമാർ, സെക്രട്ടറി |
| 3 | 3-12 | 8000 | ശ്രീ.വി.ഹരികുമാർ, സെക്രട്ടറി |
| 4 | 3-15 | 132954 | ശ്രീമതി.നിർമ്മല സിസിലി ജോർജ്, കൃഷിഓഫീസർ |
| 5 | 3-16 | 22500 | ശ്രീമതി.നിർമ്മല സിസിലി ജോർജ്, കൃഷിഓഫീസർ |
| 6 | 3-17 | 4170 | ശ്രീമതി.നിർമ്മല സിസിലി ജോർജ്, കൃഷിഓഫീസർ |
| 7 | 3-18 | 200000 | ശ്രീമതി.സന്ധ്യ.എൻ.എസ്., ഐ.സി.ഡി.എസ്.സൂപ്പർവൈസർ. |
| ആകെ | | 4515030 | |

*(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം*

ഇല്ല

*(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ*

ഇല്ല

*(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ*

| ക്രമ നം | പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ശ്രീ.ശ്രീരാഗ്.ആർ.കെ. അസി.എഞ്ചിനീയർ | അമ്പൂരി ഗ്രാമപഞ്ചായത്ത് | ഹരിശ്രീ,എസ്.ബി. എം.എം.ആർ.എ.ഡി-26, ഭജനമഠം റോഡ്, പേയാട്-പി.ഒ. |
| 2 | ശ്രീമതി.സന്ധ്യ.എൻ.എസ്, ഐ.സി.ഡി.എസ്. സൂപ്പർവൈസർ. | അമ്പൂരി ഗ്രാമപഞ്ചായത്ത് | ശ്രീ പദ്മം, തിരുപുറം പി.ഒ. |
| 3 | സെക്രട്ടറി | - | 1. ശ്രീ.വി.ഹരികുമാർ, നന്ദനം, കൈതക്കാട്, ഇരിഞ്ചയം.പി.ഒ, നെടുമങ്ങാട്. 2. ശ്രീ.മോഹനകുമാരൻ, പ്ലാവൂർക്കോണത്ത് വീട്, പ്രാവച്ചമ്പലം, നേമം.പി.ഒ. |
| 4 | ശ്രീമതി.നിർമ്മല സിസിലി ജോർജ്, കൃഷി ഓഫീസർ | അമ്പൂരി ഗ്രാമപഞ്ചായത്ത് | ഗാന്ധി നഗർ, തൈക്കാട്, കോട്ടൺഹിൽ, തൈക്കാട് പി.ഒ. |
| 5 | ശ്രീ.സുധീർ.ഒ, ക്ലർക്ക് | - | അവിട്ടം, കൊച്ചുവയൽമുക്ക്, കട്ടമല.പി.ഒ. |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും | തീർപ്പാക്കാൻ അവശേഷിക്കുന്ന | റിമാർക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| | ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | ഖണ്ഡികകളുടെ എണ്ണം | |
| 2001-02 | എൽ.എഫ്.റ്റി.ഡി.ജി.പി 2/328/2003 | 8 | |
| 2002-03 | എൽ.എഫ്.റ്റി.ഡി.ജി.പി 2-884/2006 | 3 | |
| 2003-04 | എൽ.എഫ്.റ്റി.ഡി.ജി.പി /884/2006 | 4 | |
| 2004-05 | എൽ.എഫ്.റ്റി.ഡി.ജി.പി 2/1224/2007 | 9 | |
| 2005-06 | എൽ.എഫ്.റ്റി.ഡി.ജി.പി 2/1125/2008 | 5 | |
| 2006-07 | എൽ.എഫ്.റ്റി.ഡി.ജി.പി 2/1051/2009 | 16 | |
| 2007-08 | എൽ.എഫ്.റ്റി.ഡി.ജി.പി 2/747/2010 | 12 | |
| 2008-09 | എൽ.എഫ്.റ്റി.ഡി.ജി.പി 2/748/2011 | 12 | |
| 2009-10 | എൽ.എഫ്.റ്റി.ഡി.ജി.പി 2/2413/2012 | 11 | |
| 2010-11 | എൽ.എഫ്.റ്റി.ഡി.ജി.പി 2/2640/2012 | 24 | |
| 2011-12 | എൽ.എഫ്.റ്റി.ഡി.ജി.പി 2/2568/2013 | 10 | |
| 2012-13 | കെ.എസ്.എ.റ്റി.വി.എം.ജി.പി 2/1863/14 | 22 | |
| 2013-14 | കെ.എസ്.എ.റ്റി.വി.എം.ജി.പി 2/881/2015 | 10 | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി 2/2/1383/16 | 20 | |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി 2/2063/2016 | 9 | |

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാനഓഡിറ്റ് വകുപ്പ്.

## അനുബന്ധം - 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ അനൂരി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ അനൂരി ഗ്രാമ പഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

## ന്യൂനതകളുടെ സംഗ്രഹം

റിപ്പോർട്ടിന്റെ ഭാഗം1 ഖണ്ഡിക 1-5ൽ 1-5(എ) ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.